പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1537 **01-07-2026-ൽ മറുപടിയ്ക്ക്**

മാവൂർ തെങ്ങിലക്കടവ് കാൻസർ സെന്റർ നവീകരണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. എ. റസാഖ് മാസ്റ്റർ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) കോഴിക്കോട് ജില്ലയിലെ മാവൂർ തെങ്ങിലക്കടവ് കാൻസർ സെന്റർ ഇപ്പോൾ ആരുടെ ഉടമസ്ഥതയിൽ ആണെന്ന് വെളിപ്പെടുത്താമോ;

മറുപടി: മാവൂർ തെങ്ങിലക്കടവ് കാൻസർ സെന്റർ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ കീഴിലുള്ള സ്ഥാപനമാണ്. ബഹു. മുൻ ആരോഗ്യ വനിത ശിശു വികസന വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് 08/10/2025 ൽ ചേർന്ന യോഗത്തിൽ ഭൂമിയുടെ നിലവിലുള്ള ഉടമസ്ഥാവകാശം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിലനിർത്തി കൊണ്ട് കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുമായി സഹകരിച്ച് കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടുന്ന ആരോഗ്യ സ്ഥാപനങ്ങളുടെ മാതൃകയിൽ) തെങ്ങിലക്കടവിലെ കാൻസർ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിരുന്നു. സർക്കാർ തലത്തിൽ ഇക്കാര്യത്തിൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ടെങ്കിൽ ഇതിനായുള്ള ഉചിതമായ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കേണ്ടതാണെന്ന നിർദേശവും നൽകിയിരുന്നു. 08/10/2025 – ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ റേഡിയോ തെറാപ്പി വകുപ്പ് മേധാവി ഒരു പദ്ധതി രേഖ സമർപ്പിക്കുകയുണ്ടായി. ടി പദ്ധതി രേഖ പരിശോധിച്ച് ആയതിൽ കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ വ്യക്തമായ അഭിപ്രായം രേഖപ്പെടുത്തി പ്രൊപോസൽ സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നിർദേശം 29/01/2026 – ലെ അർദ്ധ ഔദ്യോഗിക കത്തിലൂടെ കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയിരുന്നു. കോഴിക്കോട് ജില്ലാ പഞ്ചായത്തിൽ നിന്നും മറുപടി ലഭ്യമാക്കി ഇക്കാര്യത്തിൽ തുടർ നടപടികൾ ഊർജിതപ്പെടുത്തുന്നതാണ്.

(ബി) നവീകരണ പ്രവൃത്തി പൂർത്തിയാക്കി പ്രസ്തുത സ്ഥാപനം കാൻസർ രോഗികൾക്ക് ആവശ്യമായ ചികിത്സ നൽകാൻ ഉതകുന്ന ഒരുസ്ഥാപനമായി മാറ്റണമെന്ന നാട്ടുകാരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ നവീകരണ പ്രവൃത്തി എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) പ്രസ്തുത സ്ഥാപനത്തിൽ നിന്ന് രോഗികൾക്ക് ചികിത്സ സൗകര്യം എന്ന് മുതൽ നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ